**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1569** **07-02-2023 - ൽ മറുപടിയ്ക്ക്**

**കടുത്തുരുത്തി സർക്കാർ പോളിടെക്നിക് ഭൂമിയുടെ സർവ്വേ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി സർക്കാർ പോളിടെക്നിക് സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; ആയത് എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും എന്നറിയിക്കാമോ; | (എ) | ഇല്ല. കടുത്തുരുത്തി ഗവ. പോളിടെക്നിക് കോളേജിന്റെ കൈവശമുള്ള സ്ഥലം അളക്കുന്നതിന് ഗ്രാമപഞ്ചായത്ത് വിലയ്ക്ക് വാങ്ങിയതും പൊന്നുംവിലയ്ക്ക് എടുത്തതുമായ 19 ഏക്കർ 39.147 സെന്റ് സ്ഥലത്തിൽ നിന്നും ഓരോ സ്ഥാപനത്തിനും കൈമാറേണ്ട ഭൂമിയുടെ വിസ്തീർണ്ണവും സ്ഥാനവും പൊതുവായ വഴിക്ക് നീക്കിയിട്ടുള്ള സ്ഥലത്തിന്റെ വീതിയും പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ലാത്തതിനാൽ സർവ്വെ നടപടികൾ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. |
| (ബി) | കടുത്തുരുത്തി പഞ്ചായത്ത് വിലയ്ക്ക് വാങ്ങിയ ഭൂമിയിൽ ഓരോ സ്ഥാപനത്തിനും കൈമാറേണ്ട ഭൂമിയുടെ വിസ്തീർണ്ണവും സ്ഥാനവും പൊതുവായ വഴിക്ക് നീക്കിവെച്ചിട്ടുള്ള സ്ഥലത്തിന്റെ വീതിയും സംബന്ധിച്ച വിവരം പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് റവന്യൂ വകുപ്പ് സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | കടുത്തുരുത്തി പഞ്ചായത്ത് വിലയ്ക്ക് വാങ്ങിയ ഭൂമിയിൽ നിന്നും ഓരോ സ്ഥാപനത്തിനും കൈമാറേണ്ട ഭൂമിയുടെ വിസ്തീർണ്ണവും പൊതുവായ വഴിക്ക് നീക്കിവച്ചിട്ടുള്ള സ്ഥലത്തിന്റെ വീതി സംബന്ധിച്ച വിവരവും പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല. ഈ വിഷയം പഞ്ചായത്തുമായി ചർച്ച ചെയ്ത് പരിഹാരം കാണുന്നതിന് കോട്ടയം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | കടുത്തുരുത്തി പഞ്ചായത്ത് വിലയ്ക്ക് വാങ്ങിയ ഭൂമി മറ്റ് സർക്കാർ ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നതിന് പ്രസ്തുത ഭൂമിയുടെ സർവ്വേ നടപടികൾ അടിയന്തരമായി നടത്തുന്നതിന് റവന്യൂ വകുപ്പ് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | കടുത്തുരുത്തി പോളിടെക്നിക്കിനായി ഏറ്റെടുത്ത സ്ഥലത്തിന്റെ എൽ.എ സ്കെച്ചുകൾ അടിയന്തിരമായി ലഭ്യമാക്കിയ ശേഷം സ്വകാര്യ വ്യക്തിയുമായുള്ള അതിർത്തി തർക്കം പരിഹരിച്ച് സർവ്വെ നടപടികൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിന് കോട്ടയം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ